ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 04.06.2025**

## പ്രധാനവാർത്തകൾ

1) പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ കേന്ദ്ര മന്ത്രിസഭയുടെ സമ്പൂർണ യോഗം ഇന്ന് ചേരും; പഹൽഗാം ഭീകരാക്രമണം, ഓപ്പറേഷൻ സിന്ദൂർ എന്നിവയ്ക്ക് ശേഷമുള്ള ആദ്യ സമ്പൂർണ മന്ത്രിസഭാ യോഗം.

2) നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം നാളെ; പ്രചാരണ രംഗത്ത് സജീവമായി സ്ഥാനാർത്ഥികൾ.

3) പ്ലസ് ടു സംവരണ സീറ്റുകളിലെ പ്രവേശനത്തിന് എസ് എസ് എൽ സി സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ മതിയാകുമെന്ന് മന്ത്രി വി ശിവൻകുട്ടി.

4) സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

5) പ്രതിഷ്ഠാദിന പൂജകൾക്കായി ശബരിമല ക്ഷേത്രനട ഇന്ന് തുറക്കും.

6) 18 വർഷത്തെ കാത്തിരിപ്പിനൊടുവിൽ ഐ.പി.എൽ കിരീടം ചൂടി റോയൽ ചലഞ്ചേഴ്സ് ബംഗളൂരു.

*******************************************************************

RNU TVPM

## കേന്ദ്ര മന്ത്രിസഭാ യോഗം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ കേന്ദ്ര മന്ത്രിസഭയുടെ സമ്പൂർണ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും. പഹൽഗാം ഭീകരാക്രമണത്തിനും ഓപ്പറേഷൻ സിന്ദൂറിലൂടെ രാജ്യം നടത്തിയ പ്രത്യാക്രമണത്തിനും ശേഷമുള്ള ആദ്യ സമ്പൂർണ മന്ത്രിസഭാ യോഗമാണിത്.

*****************************************************************

## മുഖ്യമന്ത്രി- അശ്വിനി വൈഷ്ണവ്

സംസ്ഥാനത്തിന് അനുവദിച്ച റെയിൽവേ ബജറ്റ് വിഹിതം 372 കോടി രൂപയിൽ നിന്ന് ഈ സാമ്പത്തിക വർഷത്തിൽ 3,042 കോടി രൂപയായി ഉയർത്തിയതായി കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. അങ്കമാലി- എരുമേലി റെയിൽവേ പദ്ധതി സംബന്ധിച്ച് മുഖ്യമന്ത്രി പിണറായി വിജയനുമായി നടത്തിയ ചർച്ചകൾക്ക് ശേഷം അദ്ദേഹം സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചതാണ് ഇക്കാര്യം. അങ്കമാലി- ശബരി റെയിൽപാതയുടെ നിർമാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കാനും കൂടിക്കാഴ്ചയിൽ ധാരണയായി. അതേസമയം, കേന്ദ്ര ഗതാഗത മന്ത്രി നിതിൻ ഗഡ്കരിയുമായി മുഖ്യമന്ത്രി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയേക്കും.

RNU TVPM

*****************************************************************

## വി.ഡി. സതീശൻ

സംസ്ഥാനത്തെ ദേശീയ പാത നിർമാണത്തിലെ അപാകതകളിൽ സി.ബി.ഐ അന്വേഷണം നടത്തണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ. കോടിക്കണക്കിന് രൂപയുടെ അഴിമതിയും എഞ്ചിനീയറിംഗ് പിഴവുകളും നിർമാണത്തിൽ ഉണ്ടായിട്ടുണ്ടെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ ആരോ പിച്ചു.

*****************************************************************

## നിലമ്പൂർ ഉപതിരഞ്ഞെടുപ്പ്

നിലമ്പൂരിൽ ഉപതെരഞ്ഞെടുപ്പ് പ്രചാരണ രംഗത്ത് സജീവമായി സ്ഥാനാർത്ഥികൾ. നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയം നാളെ അവസാനിക്കും. 25 നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്നലെ നടന്നു. ഏഴ് പത്രികകൾ തള്ളി. 18 പത്രികകൾ സ്വീകരിച്ചു. എൽ.ഡി.എഫ് സ്ഥാനാർഥി എം.സ്വരാജ്, യു.ഡി.എഫിൻറെ ആര്യാടൻ ഷൗക്കത്ത്, എൻ.ഡി.എ സ്ഥാനാർഥി മോഹൻ ജോർജ്, എന്നിവരാണ് മത്സര രംഗത്തെ പ്രമുഖർ. തൃണമൂൽ കോൺഗ്രസ് സ്ഥാനാർഥിയായി മത്സരിക്കാനുള്ള പി.വി.അൻവറിൻറെ പത്രിക തള്ളിയതിനാൽ അദ്ദേഹംസ്വതന്ത്ര സ്ഥാനാർത്ഥിയായിട്ടായിരിക്കും മത്സരിക്കുക. ഈ മാസം 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

*****************************************************************

## ശിവൻകുട്ടി-സ്കൂൾ പ്രവേശനം

പ്ലസ് ടു സംവരണ സീറ്റുകളിലെ പ്രവേശനത്തിന് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് സമർപ്പിച്ചാൽ മതിയാകുമെന്ന് മന്ത്രി വി ശിവൻകുട്ടി. തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സേ പരീക്ഷക്ക് ശേഷം ഡിജിലോക്കറിൽ അപ്‌ലോഡ് ചെയ്താൽ മതിയാകും. സ്കൂൾ പ്രവൃത്തി സമയപരിഷ്കരണവുമായി ബന്ധപ്പെട്ട് സ്കൂളുകൾക്ക് ആശയക്കുഴപ്പത്തിന്റെ ആവശ്യമില്ലെന്നും പ്രായോഗിക ബുദ്ധിമുട്ടുകൾ സംബന്ധിച്ച് വീണ്ടും ചർച്ച ചെയ്യുമെന്നും ശ്രീ വി ശിവൻകുട്ടി അറിയിച്ചു.

*****************************************************************

RIJU TVPM

## കെ.എൻ.ബാലഗോപാൽ (ഇൻട്രോ)

സംസ്ഥാനത്തെ ക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച് കോൺഗ്രസ് നേതാവ് കെ.സി.വേണുഗോപാലിൻറെ പരാമർശം പ്രതിഷേധാർഹമാണെന്ന് ധനമന്ത്രി കെ.എൻ.ബാലഗോപാൽ. ഉപതിരഞ്ഞെടുപ്പ് വിജ്ഞാപനത്തിന് മുൻപ് തന്നെ കുടിശിക വിതരണം തീരുമാനിച്ചതാണെന്നും ധനമന്ത്രി ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

(വോയിസ്)

*************************************************************

## പരിസ്ഥിതി ദിനം- ഗവർണർ

ഈ വർഷത്തെ ലോക പരിസ്ഥിതി ദിനാഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ നാളെ നിർവ്വഹിക്കും. രാജ്ഭവനിൽ ഫലവൃക്ഷത്തൈ നട്ടുകൊണ്ടാണ് ഉദ്ഘാടനം. **പോരാടാം - പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെ** എന്ന യു.എൻ ആഹ്വാനം ഉൾകൊണ്ട് കൃഷിവകുപ്പിൻറെ നേതൃത്വത്തിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത വിദ്യാലയങ്ങളിലും ഫലവൃക്ഷതൈകൾ നടും.

RNUTVPM

*************************************************************

## ഒരു തൈ നടാം -മുഖ്യമന്ത്രി

**'ഒരു തൈ നടാം'** ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം ലോക പരിസ്ഥിതി ദിനമായ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസ് അങ്കണത്തിൽ വൃക്ഷത്തൈ നട്ടുകൊണ്ടാണ് ഉദ്ഘാടനം. അതെസമയം, 2025 ലെ സംസ്ഥാന പരിസ്ഥിതിമിത്രം പുരസ്കാരങ്ങളും മുഖ്യമന്ത്രി നാളെ വിതരണം ചെയ്യും.

****************************************

## വി.ശിവൻകുട്ടി - ഫിഷറീസ് (ഇൻട്രോ)

സംസ്ഥാനത്തെ ഫിഷറീസ് സ്കൂളുകളുടെ വികസനത്തിനായി അഞ്ചു കോടി രൂപ അനുവദിക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി.

ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിലെ പ്രവേശനോത്സവവും TIDE-കേരള പദ്ധതിയുടെ പ്രഖ്യാപനവും തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

**(ഹോൾഡ് വോയ്സ്.......)**

****************************************

## ഐ.പി.എൽ

ഐ പി എൽ ക്രിക്കറ്റിൽ കന്നി കിരീടം ചൂടി റോയൽ ചലഞ്ചേഴ്സ് ബംഗളൂരു. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ ഇന്നലെ നടന്ന കലാശപ്പോരാട്ടത്തിൽ പഞ്ചാബ് കിംഗ്സിനെ 6 റൺസിന് പരാജയപ്പെടുത്തിയാണ് ആർ.സി.ബിയുടെ കിരീട നേട്ടം.

RNU TVPM

****************************************

## മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ,കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

****************************************

**ശബരിമല (ഇൻട്രോ)**

ശബരിമലയിൽ പ്രതിഷ്ഠാദിനത്തോട്
അനുബന്ധിച്ച പൂജകൾക്കായി
ക്ഷേത്രനട ഇന്ന് വൈകുന്നേരം തുറക്കും. നാളെയാണ് പ്രതിഷ്ഠാദിനം. കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി **ശ്രീജി എസ് ശ്രീധർ....**

(വോയിസ്)

*************************************************************

**ഹജ്ജ്**

ഈ വർഷത്തെ ഹജ്ജ് കർമങ്ങൾക്ക് ഇന്ന് തുടക്കമാകും. മിനായിലെ തമ്പുകളിൽ തീർത്ഥാടകരെത്തുന്നതോടെയാണ് കർമങ്ങൾ ആരംഭിക്കുക. ഇന്ന് മുഴുവൻ സമയവും തീർത്ഥാടകർ മിനായിൽ പ്രാർത്ഥനയിൽ കഴിയും. ഹജ്ജിന്റെ പ്രധാന ചടങ്ങായ അറഫാ സംഗമം നാളെ നടക്കും. 18 ലക്ഷത്തിലധികം തീർത്ഥാടകർ

അറഫാ സംഗമത്തിൽ പങ്കെടുക്കുമെന്നാണ് വിവരം.

*************************************************************

**ഇടുക്കി (ഇൻട്രോ)**

ഇടുക്കി ജില്ലയിലെ ആദ്യ സ്മാർട്ട് കൃഷിഭവൻ തൊടുപുഴയ്ക്ക് സമീപം വണ്ണപ്പുറത്ത് സജ്ജമാകുന്നു. **'വിത്തിൽ നിന്ന് വിപണിയിലേക്ക്,ഒരു കുടക്കീഴിൽ എല്ലാ സേവനങ്ങളും'** എന്ന ആശയമാണ് സ്മാർട്ട് കൃഷിഭവനിലൂടെ പ്രാവർത്തികമാക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ........**

(വോയിസ്)

RNU TVPM

*************************************************************

## വികസിത് കൃഷി സങ്കൽപ് അഭിയാൻ

കോഴിക്കോട് ജില്ലയിൽ ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനവും, കൃഷി വിജ്ഞാന കേന്ദ്രവും സംയുക്തമായി സംഘടിപ്പിക്കുന്ന വികസിത് കൃഷി സങ്കല്പ് അഭിയാൻ കാമ്പയിൻ പേരാമ്പ്ര ബ്ലോക്കിൽ ആരംഭിച്ചു. ചങ്ങരോത്ത് കമ്യൂണിറ്റി ഹാളിൽ നടക്കുന്ന ബോധവത്കരണ പരിപാടിയിൽ കൂത്താളി ചങ്ങരോത്ത് പഞ്ചായത്തുകളിലെ കർഷകരുമായി കാർഷിക ശാസ്ത്രജ്ഞരും വിദഗ്ധരും സംവദിച്ചു. ഉച്ചക്ക് ശേഷം ചക്കിട്ടപ്പാറ, പേരാമ്പ്ര പഞ്ചായത്തുകളിലും ക്യാംപയിൻ നടക്കും.

*************************************************************

## ഡോക്ടർ - സസ്പെൻഷൻ

രോഗിക്ക് , കണ്ണ് മാറി ചികിത്സ നൽകിയ സംഭവത്തിൽ തിരുവനന്തപുരം സർക്കാർ കണ്ണാശുപത്രിയിലെ ഡോക്ടർക്ക് സസ്പെൻഷൻ. അസിസ്റ്റന്റ് പ്രൊഫസർ സുജീഷിനെയാണ് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തത്. ബീമാപള്ളി സ്വദേശിയുടെ പരാതിയിലാണ് നടപടി. ഇടതു കണ്ണിന് ചികിത്സ തേടിയെത്തിയ രോഗിയുടെ വലത് കണ്ണിൽ ഡോക്ടർ കുത്തിവയ്ക്കുകയായിരുന്നു.

*************************************************************

## റേഷൻ വിതരണം

സംസ്ഥാനത്ത് മേയ് മാസത്തെ റേഷൻ വിതരണം ഇന്നു കൂടി ലഭിക്കും. കാലവർഷക്കെടുതിയുടെ പശ്ചാത്തലത്തിലാണ് റേഷൻ വിതരണം നീട്ടിയത്.

*************************************************************

RNU TVPM

## കോവിഡ്

രാജ്യത്ത് 4,302 പേർക്ക് കോവിഡ് റിപ്പോർട്ട് ചെയ്യതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം. ഇതിൽ 1,373 കേസുകൾ കേരളത്തിലാണ്. മഹാരാഷ്ട്രയിൽ 510 കേസുകളും ഗുജറാത്തിൽ 461 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

*************************************************************

## റിപ്പോ നിരക്ക് - ആർ.ബി.ഐ

റിപ്പോ നിരക്ക് സംബന്ധിച്ച റിസർവ്വ് ബാങ്കിൻറെ ധനനയ യോഗം മുംബൈയിൽ ആരംഭിച്ചു. ആർ.ബി.ഐ ഗവർണർ സഞ്ജയ് മൽഹോത്രയുടെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിന്റെ തീരുമാനം മറ്റന്നാൾ പ്രഖ്യാപിക്കും.

*************************************************************

## ഫാക്ട് ചെക്ക് - ആർ.ബി.ഐ

2026 മാർച്ച് മാസത്തോടെ 500 രൂപ കറൻസി നോട്ടുകൾ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പിൻവലിക്കുമെന്ന തരത്തിൽ പ്രചരിക്കുന്ന യുട്യൂബ് വീഡിയോ വസ്തുതാ വിരുദ്ധമാണെന്ന് കേന്ദ്ര സർക്കാർ. ആർ.ബി.ഐ ഇത്തരത്തിലുള്ള ഒരു പ്രഖ്യാപനവും നടത്തിയിട്ടില്ലെന്ന് പി.ഐ.ബി ഫാക്ട് ചെക്ക് അറിയിച്ചു. 500 രൂപ നോട്ടുകൾ പിൻവലിച്ചിട്ടില്ലെന്നും സാധുതയുണ്ടെന്നും പി.ഐ.ബി അറിയിച്ചു.

RNU TVPM

*************************************************************

## ഓഹരി- സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 176 പോയിന്റ് നേട്ടത്തിൽ 80,914 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 53 പോയിന്റ് നേട്ടത്തിൽ 24,596 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണവിലയിൽ വർധന. പവന് 80 രൂപ വർധിച്ച് 72,720 രൂപയും ഗ്രാമിന് 10 രൂപ വർധിച്ച് 9,090 ആണ് ഇന്നത്തെ വില.

****************************************************************************

******************************************************************************************************************

RNU TVPM